പതിന്നാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം 1523 — 07/06/2018 ൽ മറുപടിക്ക്

## വില്ലേജാഫീസുകളിൽ ഐ.ടി. മിഷന്റെ സേവനം

| ചോദ്യം | ഉത്തരം |
| --- | --- |
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) വില്ലേജ് ഓഫീസുകളിൽ ജനങ്ങൾക്ക് ഐ.ടി.യുമായി ബന്ധപ്പെട്ട സേവനങ്ങൾ കൂടുതൽ ലഭ്യമാക്കുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;<br><br>(ബി) നിലവിൽ വില്ലേജ് ഓഫീസ് വഴി നൽകുന്ന സേവനങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) & (ബി) പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ വേഗത്തിലും എളുപ്പത്തിലുമാക്കുന്നതിനായി വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.<br><br>**1. ഇ.ഡിസ്ട്രിക്ട്**<br>വിലേജ്/താലൂക്ക് ഓഫീസുകളിൽ നിന്നും പൊതുജനങ്ങൾക്കാവശ്യമായ വിവിധ സർട്ടിഫിക്കറ്റുകൾ വേഗത്തിലും സുതാര്യമായും ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണ് ഇ-ഡിസ്ട്രിക്ട് പദ്ധതി. നിലവിൽ 24 ഇനം സർട്ടിഫിക്കറ്റുകൾ ഈ പദ്ധതി മുഖേന ഓൺലൈനായി നൽകി വരുന്നു.<br><br>**2. സംയോജിത ഓൺലൈൻ പോക്കുവരവ്**<br>ആധുനിക വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ വസ്തുവിന്റെ പോക്കുവരവ് നടപടികൾ വേഗത്തിലും, സുതാര്യമായും, കുറ്റമറ്റ രീതിയിലും നടപ്പിലാക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടുകൂടിയാണ് സംയോജിത ഓൺലൈൻ പോക്കുവരവ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 1576 എണ്ണത്തിൽ ഓൺലൈൻ പോക്കുവരവ് സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>**3. ഇ-പെയ്മെന്റ്**<br>സംസ്ഥാനത്ത് സംയോജിത ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള വില്ലേജുകളിൽ അടയ്ക്കാവുന്ന പെയ്മെന്റുകൾ ഓൺലൈൻ വഴി ഒടുക്കുന്നതിനുള്ള ഇ-പെയ്മെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. റവന്യൂ വകുപ്പിലെ |

വിവിധ നികുതികൾ സാമ്പത്തിക സേവനങ്ങൾ, വിവിധയിനം ഫീസുകൾ എന്നിവ ഇ-ട്രഷറി സംവിധാനവുമായി സംയോജിപ്പിച്ചുകൊണ്ടാണ് ഇത് നടപ്പിലാക്കിയിരിക്കുന്നത്.

| | |
|---|---|
| (സി) ഐ.ടി. വഴിയുള്ള സേവനങ്ങൾ ലഭ്യമാക്കുവാൻ ഐ.ടി. വിദഗ്ധരെ വില്ലേജ് ഓഫീസുകളിൽ നിയമിക്കുന്നകാര്യം സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ; ഇതിനായി തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ;<br><br>(ഡി) ഐ.ടി. മിഷന്റെ ജീവനക്കാർ എത്ര വില്ലേജ് ഓഫീസുകളിൽ ജോലി ചെയ്യുന്നു; ഇവരെ എല്ലാ വില്ലേജ് ഓഫീസുകളിലും നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ : | (സി) & (ഡി) വില്ലേജ് ഓഫീസിൽ നിന്നും നൽകുന്ന സർട്ടിഫിക്കറ്റുകളിൽ 24 ഇനം സർട്ടിഫിക്കറ്റുകൾ ഇ-ഡിസ്ട്രിക്റ്റ് പദ്ധതി മുഖേന ഓൺലൈനായി നൽകുന്നുണ്ട്. ഇത്തരത്തിൽ നൽകുന്ന സേവനങ്ങളുടെ ടെക്നോളജി സപ്പോർട്ട് നൽകുന്നതിനായി ഐ.ടി മിഷന്റെ കീഴിൽ ഓരോ ജില്ലയിലും ഹാൻഡ് ഹോൾഡ് സപ്പോർട്ട് എഞ്ചിനീയർമാരെ നിയമിച്ചിട്ടുണ്ട്. ഓരോ HSE ക്കും അതാതു ജില്ലയിലെ വില്ലേജുകളിലെ ചാർജ് നൽകിയിട്ടുണ്ട്. |
| (ഇ) ജനങ്ങൾക്ക് മുൻപ് ലഭിച്ചുകൊണ്ടിരിക്കുന്ന സൗജന്യസേവനങ്ങൾക്ക് ഇപ്പോൾ അക്ഷയ മുതലായ സേവന കേന്ദ്രങ്ങൾ വഴി ഫീസ് നൽകേണ്ടിവരുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; ഇതിനായി ഫീസ് പരിമിതപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ;വ്യക്തമാക്കുമോ? | (ഇ) നാഷണൽ ഇ-ഗവർണൻസിന്റെ ഭാഗമായി നടപ്പിലാക്കിയ പദ്ധതിയാണ് ഇ-ഡിസ്ട്രിക്റ്റ്. ഈ പദ്ധതി പോഷിപ്പിക്കുന്നതിലേക്കായിട്ടാണ് സേവന നിരക്ക് ഈടാക്കിയിട്ടുള്ളത്. ഇ-ഡിസ്ട്രിക്റ്റ് പദ്ധതിയുടെ ഭാഗമായി ഈടാക്കുന്ന നിരക്കുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## ഇ-ഡിസ്ട്രിക്ട് പദ്ധതിയുടെ ഭാഗമായി ഈടാക്കുന്ന നിരക്കുകൾ

| Services | Category | Fee | | | |
|---|---|---|---|---|---|
| | | General Fee | Sustenance Fee | Akshaya Fee | Total |
| Certificate Services | General | 5 | 2 | 10 | 17 |
| | BPL | 5 | 0 | 10 | 15 |
| | SC/ST | 0 | 0 | 10 | 10 |
| Print / Scan | General | | | | 2 |
| | BPL | | | | 2 |
| | SC/ST | | | | 2 |

സെക്ഷൻ ഓഫീസർ